# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2125 — 17.02.2016- ലെ മറുപടിക്ക്

## സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>,, ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ്<br>,, പി.സി. വിഷ്ണുനാഥ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്? | (ബി) കൊള്ളപ്പലിശക്കാരിൽ നിന്നും സ്വകാര്യ പണമിടപാടുകാരിൽ നിന്നും രക്ഷിച്ച് സഹകാരികൾക്ക് യഥാസമയം മതിയായ തോതിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് ഓപ്പറേഷൻ കുബേരയുടെ ഭാഗമായി സഹകരണ മേഖലയിൽ കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യം. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) താഴെപ്പറയുന്ന നടപടികളാണ് ഇക്കാര്യത്തിൽ നടപ്പിലാക്കി വരുന്നത്:<br><br>1) ദാരിദ്ര്യരേഖയ്ക്ക് താഴെ വന്നിട്ടുള്ളവർ, ചെറുകിട കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ എന്നിവർക്ക് പരമാവധി 5000/- രൂപ വരെ വായ്പ സ്വന്തം ജാമ്യത്തിൽ, അപേക്ഷിച്ചാൽ 2 ദിവസത്തിനകം നൽകുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br>2) അപേക്ഷിച്ച് പരമാവധി 15 ദിവസത്തിനകം സഹകരണ സംഘങ്ങൾ/ ബാങ്കുകൾ വായ്പ നൽകുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br>3) ജനങ്ങൾക്ക് വളരെ വേഗത്തിൽ വായ്പ ലഭിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മുതൽ രാത്രി |

8 വരെ ദീർഘിപ്പിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

4) സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും നൽകുന്ന വായ്പകൾക്ക് പലിശ 16% വരെ എന്നത് 1% കുറച്ച് പരമാവധി 15% ആയി കുറവുചെയ്തിട്ടുണ്ട്.

5) സ്വർണ്ണപണയ വായ്പയുടെ പരിധി ഒരാൾക്ക് 25 ലക്ഷം രൂപയായും പലിശനിരക്ക് 12% ആയും നിജപ്പെടുത്തി.

കൂടാതെ താഴെപ്പറയുന്ന കാര്യങ്ങളിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു:

1) സഹകാരികൾക്ക് കൂടുതൽ സൗകര്യത്തിനായി ഞാറാഴ്ചകളിൽ ബാങ്കിംഗ് സേവനം നൽകാനായി 'സൺഡേ ബാങ്കിംഗ്' നടത്തുക.

2) 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകളും 50,000/- രൂപ വരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ നൽകാനുള്ള നിർദ്ദേശം നടപ്പിലാക്കുക.

3) കൃത്യമായി വായ്പ മുതൽ തുക തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല വിള വായ്പകളും നെൽകർഷകർക്കുള്ള വായ്പകളും പലിശ രഹിതമായി നൽകുക. ഇക്കാര്യത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന പലിശ ബാധ്യത സർക്കാർ നൽകുക.

4) സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.

**സെക്ഷൻ ഓഫീസർ**